പ്പെടുത്തുവാൻ സാധിക്കുമോ എന്നുള്ളതും നോക്കാം. വില്ലിംഗ്ടൺ അയലത്തിൽ ചൂളയുണ്ടാക്കി ഇതു കത്തിച്ചു കളയുന്നുണ്ട്. അതു സമ്പ്രദായം നല്ലതാണെങ്കിൽ അതുപ്രകാരം ഇവിടെയും ചെയ്യുവാൻ നോക്കാം.

മിസ്റ്റർ പി. ടി. ജേക്കബ്: ചൂളയിൽ കത്തിച്ചു കളയുന്നകാര്യത്തെപ്പറ്റി മനസ്സിലാക്കുവാൻ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: വേറെ ഒരു സ്ഥലം നോക്കുവാനാണ് നിർദ്ദേശം കൊടുത്തിരിക്കുന്നതു്.

* മിസ്റ്റർ പി. നാരായണമേനോൻ: സർ, ബഹുമാനപ്പെട്ട സാമാജികന്മാരിൽ പലരും അവരവരുടെ പ്രാദേശിക താല്പര്യങ്ങളെക്കുറിച്ചു് പലതും ഇവിടെ സംസാരിച്ചുകഴിഞ്ഞു. ചിലർക്കു റോഡുവേണം, ചിലർക്കു വായനശാലവേണം, ചിലർക്കു രക്ഷിക്കുവാൻ നല്ല പദാർത്ഥംവേണം, ചിലർക്കു കളിക്കുവാൻ മൈതാനംവേണം. ഇങ്ങിനെ പല പല ആവശ്യങ്ങളും ഇവിടെയുണ്ടെന്നു പറഞ്ഞുകഴിഞ്ഞു. ഈ വക ആവശ്യങ്ങളും പലതും എന്റെ നിയോജകമണ്ഡലത്തിനും ഉണ്ടു്. എന്നാൽ അതിനെക്കുറിച്ചൊന്നും സംസാരിക്കാതെ കണ്ടു് ഈ രണ്ടു സംഗതികളും മാത്രം ഇവിടെ എടുത്തു പ്രതിവാദിക്കുവാൻ ഒരു പ്രത്യേക കാരണമുണ്ടു്. ഞങ്ങൾക്കു അത്യാവശ്യമായിട്ടുള്ള സാധനം വായുവാണു്. വിലയില്ലാത്തതായ ഈ സാധനം കിട്ടിയതിനുശേഷംമതി മറ്റു വിലപിടിച്ച സാധനം. ഞങ്ങളുടെ ആളുകൾ നാട്ടിൽ വിഷമിക്കുന്നതു് ശുദ്ധവായു കിട്ടുവാനാണു ഇംഫീരിയാലിസത്തിനുവേണ്ടി യുദ്ധം ചെയ്യുവാനായിട്ടാണു് ഞങ്ങളുടെ നാട്ടിൽ നിന്നു അനേകം ആളുകൾ പറപ്പെട്ടതു ഇവിടെ ജീവിക്കുന്നതിനു ശുദ്ധവായു കിട്ടുന്നതിനുള്ള വിഷമം കൊണ്ടാണെന്നു എനിക്കു തോന്നാവുണ്ടു്. എവിടെപോയി മരിച്ചാലും തരക്കേടില്ല. ശുദ്ധവായു ശ്വസിച്ചു മരിക്കാമല്ലോ എന്നു വിചാരിച്ചിട്ടായിരിക്കണം ഞങ്ങളുടെ നാട്ടിൽ നിന്നു അധികമാളുകളും യുദ്ധസേവനത്തിനു പോയിട്ടുള്ളതു് എന്നെനിക്കു തോന്നാവുണ്ടു്. ഞങ്ങൾക്കു ആവശ്യമുള്ളതു ശുദ്ധവായുവാണു്. അതു കിട്ടിയില്ലാതെകണ്ടു് തൃപ്തിപ്പെടുവാനും ഒരുക്കമില്ല. ഏതാണ്ടു് ഈ ടഞ്ചിംഗ് ഗ്രൗണ്ടു് മാറ്റി കിട്ടണമെന്നുള്ള അപേക്ഷകളും തുടങ്ങീട്ടു് അഞ്ചപത്തു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും ഈ ആക്ഷേപങ്ങൾ തുടർച്ചയായി നടന്നുകൊണ്ടാണിരിക്കുന്നതു. അഞ്ചപത്തു കൊല്ലമായിട്ടും ഗവൺമെണ്ടു് ആലോചിച്ചിട്ടു ഇതേവരെ ഒരു തീരുമാനത്തിൽ എത്തുവാൻ സാധിച്ചിട്ടില്ല. ഇനി എത്രകാലം കൊണ്ടാണു് ഒരു തീരുമാനത്തിൽ എത്തുവാൻ പോകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതു പോസ്റ്റാഫീസിലേക്കു നീക്കിവെക്കുകയാണോ? ഒരു കൊല്ലത്തിനുള്ളിൽ ഇതു ഇവിടെ നിന്നു മാറ്റുവാൻ സാധിക്കുമെന്നു ഉറപ്പു തരുവാൻ സാധിക്കുമോ?

മിസ്റ്റർ സി. ജെ. മാത്യു: നോക്കാം.

* മിസ്റ്റർ പി. നാരായണമേനോൻ: അങ്ങിനെയാണെന്നുണ്ടെങ്കിൽ, ഒരു കൊല്ലത്തിനുള്ളിൽ ഈ സ്ഥലത്തുനിന്നു മാറ്റപ്പെടുമെന്ന ഉറപ്പിന്മേൽ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചു കൊള്ളുന്നു.

Cut motions, by leave, withdrawn

Demand under Public Health put and carried

18. Vaccination—Cranganur—Rs. 1,393

Mr. Parambi Lonappen *(Minister for Rural Development):* I rise to move for the grant of Rs. 1,393 under 18-Vaccination—Cranganur.

Motion put and carried

19. Sanitation and Conservancy

Mr. Parambi Lonappen *(Minister for Rural Development):* I rise to move for the grant of Rs. 9,666 under 19—Sanitation and Conservancy.

Motion put and carried

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly